നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ നെൽവികസന അതോറിറ്റികൾ

76 [2045] ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് എത്ര ടണ്ണിന് മുകളിൽ എത്തിക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്;

(ബി) നെൽകൃഷിയുടെ പ്രശ്നപരിഹാരത്തിനുവേണ്ടിയുള്ള നെൽവികസന അതോറിറ്റികൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ്;

(സി) അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2004-05-ൽ നെല്ലിന്റെ ഉല്പാദനക്ഷമത 2.499 ടൺ ആക്കി ഉയർത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) നെൽകൃഷി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് നെൽകൃഷിയുടെ വികസനം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനമൊട്ടാകെ 11 നെൽകൃഷി വികസന ഏജൻസികൾ രൂപീകരിച്ചിട്ടുണ്ട്. അവയുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

1. പാലക്കാട് നെൽകൃഷി വികസന ഏജൻസി.
2. വയനാട് നെൽകൃഷി വികസന ഏജൻസി.
3. പൊക്കാളി നെൽകൃഷി വികസന ഏജൻസി.
4. വൈക്കം കരിനില വികസന ഏജൻസി.
5. തുറവൂർ കരിനില വികസന ഏജൻസി.
6. കുട്ടനാട് വികസന ഏജൻസി.
7. പൊന്നാനി കോൾനില വികസന ഏജൻസി.
8. ഓണാട്ടുകര വികസന ഏജൻസി.
9. കാട്ടാംപള്ളി വികസന ഏജൻസി.
10. തൃശ്ശൂർ കോൾനില വികസന ഏജൻസി.
11. പുറക്കാട് കരിനില വികസന ഏജൻസി.

(സി) നെൽകൃഷി വികസന ഏജൻസികൾ രൂപീകരിച്ചത് കേരളത്തിലെ പ്രശ്നമേഖലകളിലെ നെൽകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടിയാണ്. കരിനിലങ്ങൾ, കോൾനിലങ്ങൾ, പൊക്കാളി നിലങ്ങൾ തുടങ്ങിയ പ്രശ്ന മേഖലകളിലെ കർഷകരെ ഏകോപിപ്പിച്ച് അതാതു പ്രദേശത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും തദ്വാര നെല്ലുല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് നെൽകൃഷി വികസന ഏജൻസികൾ പ്രവർത്തിക്കുന്നത്. നെല്ലിന്റെ ഉല്പാദക്ഷമത വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ നെല്ലുല്പാദനം 12 ലക്ഷം ടൺ വരെ ഉയർത്തിക്കൊണ്ടുവരാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുകൂടാതെ പ്രസ്തുത ഏജൻസികൾ നെല്ലിന്റെ കൃഷി/ഉല്പാദനച്ചിലവ് ചുരുക്കുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കുകയും അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷിചെയ്യുകയും

LIBRARY ARCHIVES Kerala Legislative Assembly

യഥാസമയം ഉല്പാദനോപാധികൾ ലഭ്യമാക്കുകയും സംയോജിത വളപ്രയോഗം സംയോജിത കീടനിയന്ത്രണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യുന്നു. ഓരോ വികസന ഏജൻസിയുടെയും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാകളക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നെൽകൃഷി വികസന ഏജൻസികൾ പദ്ധതികൾ നടപ്പിലാക്കുന്നത് ഈ കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ്.

നെൽകൃഷി ചെയ്യുന്നതിന് വരുന്ന ചെലവ്

77 [2046] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എ. പി. അനിൽകുമാർ:
,, ടി. വി. ചന്ദ്രമോഹൻ:
,, ഇ. എം. അഗസ്തി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്നതിന് വേണ്ടിവരുന്ന ചെലവ് എത്ര എന്ന് അറിയിക്കാമോ;

(ബി) നെൽകൃഷി നഷ്ടമാകുവാൻ ഉള്ള കാരണമെന്താണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഹെക്ടറിന് 20,000 രൂപയ്ക്കുമേൽ ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) മറ്റു വിളകളിൽ നിന്നും ലഭിക്കുന്ന ആദായവുമായി താരതമ്യപ്പെടുത്തുമ്പോൾ നെൽകൃഷിയിൽ നിന്നുള്ള ആദായം കുറവാണെങ്കിലും നെൽകൃഷി ഇപ്പോൾ ലാഭകരമാണ് എന്നാണ് കണക്കാക്കിയിരിക്കുന്നത്.

നെൽകൃഷി സ്ഥലം നികത്തുന്നത് തടയാൻ നടപടി

78 [2047] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ഇ. എം. അഗസ്തി:
,, ജോർജ്ജ് ജെ. മാത്യു:
,, ടി. വി. ചന്ദ്രമോഹൻ:
,, എ. പി. അനിൽകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറയുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ?

(ബി) നെൽകൃഷി സ്ഥലം നികത്തുന്നതോ മറ്റ് കൃഷികൾക്കും ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്നതോ നിയന്ത്രിക്കാൻ ഉദ്ദേശ്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly